# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5972** **28/10/2011-ലെ മറുപടിക്ക്**

**ഉദ്യോഗസ്ഥ പരിഷ്കാര സമിതി റിപ്പോർട്ട്**

ചോദ്യം: ഡോ. ടി.എം തോമസ് ഐസക്
ശ്രീ. ആർ. രാജേഷ്
" കെ.കെ. നാരായണൻ
" എം.ഹംസ

ഉത്തരം: ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന സിവിൽ സർവ്വീസിലെ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് ഐ.എ.എസ് കൺഫർ ചെയ്തു നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിലവിൽ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടു വിധത്തിലാണ് ഐ.എ.എസ് കൺഫർ ചെയ്യുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിലവിൽ പരിഗണിക്കുന്നത്-സെലക്ഷൻ വഴിയും പ്രൊമോഷൻ വഴിയും.<br>**പ്രൊമോഷൻ** വഴി ഐ.എ.എസ് ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ അംഗമായിരിക്കണം. ഉദ്യോഗസ്ഥന് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർസേവനം ഉണ്ടായിരിക്കണം.<br>**സെലക്ഷൻ** വഴി ഐ.എ.എസ് ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുന്നതിന് ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ അംഗമാകരുത്. എന്നാൽ സംസ്ഥാന സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനം നൽകുന്ന പ്രഗത്ഭരും കാര്യശേഷിയുള്ളവരുമായ ഉദ്യോഗസ്ഥരായിരിക്കണം. അപേക്ഷകൻ ഗസറ്റഡ് ഉദ്യോഗസ്ഥനായിരിക്കണം. അപേക്ഷകന് ഡെപ്യൂട്ടി കളക്ടറുടെ സമാന തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർസേവനം ഉണ്ടായിരിക്കണം. |
| (ബി) ഏത് നിയമത്തിൻെറയും ചട്ടത്തിൻെറയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര ഗവൺമെൻറിൻെറ IAS (Appointment by Promotion) Regulations 1955, IAS (Appointment by Selection) Regulations 1997 എന്നിവയിലെ ചട്ടങ്ങൾ അനുസരിച്ചാണ് ഐ.എ.എസ് കൺഫർ ചെയ്യുന്നത്. |

| | | |
|---|---|---|
| (സി) | വിവിധ ഘട്ടങ്ങളിലായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥ പരിഷ്കാര സമിതിയുടെ റിപ്പോർട്ടുകളിൽ ഏതിലെങ്കിലും ഇതു സംബന്ധിച്ച് നിലവിലുള്ള രീതിക്ക് ഘടനാപരമായ പരിഷ്കാരം വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും<br>ആദ്യ ഗസറ്റഡ് തസ്തികക്ക് തുല്യമായതോ അതിനു മുകളിലുള്ളതോ ആയ നോൺ-ടെക്നിക്കൽ തസ്തികകളുടെ എണ്ണത്തിൻെറ 25% ത്തിന് തുല്യമായ കേഡർ സ്ട്രെങ്ങ്തോടെ കേരള സിവിൽ സർവീസ് രൂപീകരിക്കാൻ, ശ്രീ ഇ.കെ.നായനാർ ചെയർമാനായിരുന്ന മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റിയുടെ ഒൻപതാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. സ്റ്റേറ്റ് സിവിൽ സർവീസിൽ മിനിമം 8 വർഷം പൂർത്തിയാക്കുന്നവരെ ഐ.എ.എസ് പ്രൊമോഷനുവേണ്ടി പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; | |
| (ഇ) | എങ്കിൽ ഇതു സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന് മറ്റേതെങ്കിലും പഠന റിപ്പോർട്ടുകൾ ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) ഇല്ല |

സെക്ഷൻ ഓഫീസർ.